# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5613 02.07.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിലവസരങ്ങൾ ഒരുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിനും വ്യാവസായിക രംഗത്ത് വിദേശത്തും സ്വദേശത്തും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ തൊഴിൽ നേടുവാനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് വകുപ്പിലെ ഐ.റ്റി.ഐ-കളിലെ പരിശീലന പരിപാടി സജ്ജീകരിച്ചിട്ടുള്ളത്. ഐ.റ്റി.ഐ.കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനതലത്തിൽ വകുപ്പ് തൊഴിൽ മേള സംഘടിപ്പിക്കുന്നുണ്ട്.<br>ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.ടി.ഐ. പാസായ വിദ്യാർത്ഥികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ പരിശീലനം നല്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കി വരുന്നു. |
| (ബി) | വിദേശ തൊഴിൽദാതാക്കളുമായി സർക്കാർ നേരിട്ട് ബന്ധപ്പെട്ട് ഇവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ടോ; | (ബി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിദേശ തൊഴിൽ ദാതാക്കളുമായി നേരിട്ട് ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ട്. ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഐ.റ്റി.ഐ പാസ്സായ വിദ്യാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ സാദ്ധ്യതയുള്ള പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിൽ പരിശീലനം നടത്തി വിദേശത്ത് പ്ലേസ്മെൻറ് ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ.കളിൽ പഠനം നടത്തിയ 88 പേർ ടി കോഴ്സിൽ പരിശീലനം |

| | | | |
|---|---|---|---|
| | | | നേട്ടകയും അവരിൽ 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | എത്ര പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇത് മൂലം തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | വകുപ്പിന്റെ ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെൻറ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഐ.റ്റി.ഐ പാസ്സായ വിദ്യാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ സാദ്ധ്യതയുള്ള പൈപ്പ് ഫാബ്രിക്കേറ്റർ/ ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിൽ പരിശീലനം നടത്തി വിദേശത്ത് പ്ലേസ്മെൻറ് ലഭ്യമാക്കി വരുന്നു. വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ.കളിൽ പഠനം നടത്തിയ 88 പേർ ടി കോഴ്സിൽ പരിശീലനം നേടുകയും അവരിൽ 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഭാഗങ്ങൾക്കായി 2019-ൽ നടത്തിയ തൊഴിൽമേളകളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ? | (ഡി) | 2019 ൽ നടത്തിയ ഐ.റ്റി.ഐ. തൊഴിൽ മേളയിൽ 96 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**